# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

07-01-2014-ൽ മറുപടിക്ക്.

**നക്ഷത്ര ചിഹ്നമിടാത്ത**

**ചോദ്യം നമ്പർ : 672**

**ഇൻകെൽ പദ്ധതി**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പുരുഷൻ കടലുണ്ടി | | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) അടിസ്ഥാന സൗകര്യ വികസന രംഗത്ത് ഇൻകെൽ നിലവിൽ ഏതെല്ലാം പദ്ധതികളാണ് നിർവ്വഹിച്ചു വരുന്നതെന്ന് വെളിപ്പെടുത്താമോ ; | (എ) & (ബി) | വ്യവസായ വികസനം ലക്ഷ്യം വച്ച് വ്യവസായ പാർക്ക്, ബഹുനില വ്യവസായ സമുച്ചയം, വിദ്യാഭ്യാസ സമുച്ചയത്തിന് അടിസ്ഥാന സൗകര്യങ്ങളോടു കൂടി സൗകര്യം ഉണ്ടാക്കുക, റോഡ് വികസനം എന്നിവ നടപ്പിലാക്കി വരുന്നു. കൂടാതെ വൈദ്യുതി ഉൽപ്പാദനം, ലോജിസ്റ്റിക്ക്സ് എന്നീ മേഖലകളിലേക്കുള്ള അടിസ്ഥാന സൗകര്യ വികസനവും പദ്ധതികളിലുണ്ട്. |
| (ബി) ഇൻകെൽ ഏറ്റെടുത്ത് പൂർത്തിയാക്കിയതും നിർമ്മാണം നടത്തിവരുന്നതുമായ പദ്ധതികൾ ഏതൊക്കെയാണ് ; പ്രസ്തുത പദ്ധതികളുടെ ഓരോന്നിന്റെയും പ്രതീക്ഷിത പദ്ധതിച്ചെലവും യഥാർത്ഥ ചെലവും വെളിപ്പെടുത്താമോ; നിർമ്മാണം മുടങ്ങിയിരിക്കുന്ന പദ്ധതികൾ എന്തെങ്കിലും ഉണ്ടോ; എങ്കിൽ അതിനുള്ള കാരണം എന്താണെന്ന് വെളിപ്പെടുത്താമോ ? | | ഇൻകെൽ ഏറ്റെടുത്ത് നിർമ്മാണം നടത്തി വരുന്ന പദ്ധതികൾ താഴെ പറയുന്നവയാണ്.<br><br>1) മലപ്പുറം ജില്ലയിൽ പാണക്കാട് എന്ന സ്ഥലത്ത് എഡ്യൂസിറ്റി തുടങ്ങുന്നതിനുള്ള പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടക്കുന്നുണ്ട്.<br><br>2) അങ്കമാലിയിൽ 2,00,000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള വ്യവസായ-വാണിജ്യ സമുച്ചയം പൂർത്തിയാക്കി. ഇവിടെ വ്യവസായ സ്ഥാപനങ്ങൾക്ക് സ്ഥലം അനുവദിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു.<br><br>3) കൊച്ചിയിൽ വല്ലാർപാടത്ത് 19 ഏക്കറിൽ കണ്ടെയ്നർ ഫ്രൈറ്റ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് വേണ്ട നടപടികൾ അന്തിമഘട്ടത്തിലാണ്.<br><br>4) സംസ്ഥാനത്തുടനീളം 82 ട്രഷറികളുടെ നവീകരണം. |

മേൽ പദ്ധതികൾക്ക് 150 കോടി രൂപയുടെ മുതൽമുടക്കുണ്ട്.

പ്രസ്തുത പദ്ധതികളൊന്നും തന്നെ പൂർത്തിയാക്കിയിട്ടില്ലാത്തതിനാൽ യഥാർത്ഥ ചെലവ് കണക്കാക്കിയിട്ടില്ല.

<u>**മുടങ്ങിയിരിക്കുന്ന പദ്ധതികൾ**</u>

റിവൈസ്ഡ് പ്രോജക്റ്റ് കോസ്റ്റിനുള്ള അനുമതി ലഭിച്ചിട്ടില്ലാത്തതിനാൽ തിരൂരങ്ങാടിയിലും തളിക്കുളത്തും 'പുര' പദ്ധതി മുടങ്ങിക്കിടക്കുകയാണ്. വെള്ളയിൽ കൺവെൻഷൻ സെന്റർ, രാമനാട്ടുകര ഹൈടെക്ക് പാർക്ക്, തമ്പാനൂരിൽ കൊമേഴ്സ്യൽ കോംപ്ലക്സ് എന്നീ പദ്ധതികളുടെ ഭൂമി കൈമാറ്റം നടന്നിട്ടില്ലാത്തതിനാൽ പ്രസ്തുത പദ്ധതികളും മുടങ്ങിക്കിടക്കുകയാണ്.

സെക്ഷൻ ഓഫീസർ